**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5655** **03.11.2016-ൽ മറുപടിയ്ക്ക്**

**പൂയംകുട്ടി പുഴയിലെ ബ്ലാവനയിൽ പാലം നിർമ്മിക്കുവാൻ നടപടി**

**ചോദ്യം**
**ശ്രീ. ആന്റണി ജോൺ**

**മറുപടി**
**ശ്രീ. എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കോളനികളായ തലവച്ചപ്പാറ, കുഞ്ചിപ്പാറ, വാരിയം, തേര തുടങ്ങിയ ട്രൈബൽ കോളനികളിലെ അന്തേവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടുവാനുള്ള ഏക മാർഗ്ഗമായ പൂയംകുട്ടി പുഴയിലെ ബ്ലാവന കടത്തുകടവിൽ മലവെള്ളപാച്ചിൽമൂലം കടത്തിറക്കാൻ കഴിയാത്തതുകൊണ്ട് ആദിവാസികൾക്ക് ചികിത്സാ സഹായവും കിട്ടാതെ ദുരിതമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | രാത്രിയിൽ കടത്തില്ലാതിരുന്നതിനാൽ രോഗികളെ യഥാസമയം ആശുപത്രിയിൽ എത്തിക്കുവാൻ കഴിയാതെ മരണം സംഭവിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | 14.10.2016 ൽ ഇപ്രകാരം ആശുപത്രിയിൽ എത്തിക്കാൻ താമസിച്ചതുമൂലം വെള്ളാരം കുന്ന് കോളനിയിലെ 4 വയസ്സുള്ള കുട്ടി മരിച്ച് പോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂയംകുട്ടി വനത്തിനുള്ളിലെ തലവച്ചപാറ ആദിവാസി കോളനിയിലെ 4 വയസുള്ള വിജിമോൻ എന്ന ആൺകുട്ടി 13.10.2016 വ്യാഴാഴ്ച വൈകിട്ട് ഛർദ്ദിച്ച് അവശനായതിനെ തുടർന്ന് 9 കിലോമീറ്റർ കാട്ടുപാതയിലൂടെ സഞ്ചരിച്ച് ബ്ലാവന കടത്തുവരെ എത്തിക്കുകയും കനത്ത മഴയെത്തുടർന്ന് ജലനിരപ്പ് ഉയർന്ന പുഴയിലൂടെ കുട്ടിയെ മറുകരയിലെത്തിച്ച് വാഹനത്തിൽ കോതമംഗലം താലൂക്ക് ആശുപത്രിയിലും അവിടെ നിന്ന് കോതമംഗലം ബസേലിയൂസ് ആശുപത്രിയിലേക്ക് ആംബുലൻസിൽ കൊണ്ടുപോകുന്ന വഴിയിൽ മരണപ്പെടുകയുമാണുണ്ടായത്. |
| ഡി) | നിരന്തരമായി തുടരുന്ന ഈ പ്രശ്നത്തിന് പരിഹാരമായി പൂയംകുട്ടി ബ്ലാവന കടവിൽ ഒരു പാലം നിർമ്മിക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) | പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പൂയംകുട്ടി പുഴയിലെ ബ്ലാവന കടവിൽ പാലം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്. |

Haripriya

സെക്ഷൻ ഓഫീസർ